III ഇ.ബി. XII-കേരള നിയമസഭ/IV-14

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നിയമസഭാ നടപടികളുടെ ചുരുക്കം**

**2007 മാർച്ച് 21, ബുധൻ**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**I ചോദ്യങ്ങൾ**

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ഉന്നയിക്കുകയും (*331, *332 & *333) അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

**II ശ്രദ്ധ ക്ഷണിക്കൽ**

(1) തോന്നയ്ക്കൽ കുമാരനാശാൻ സ്മാരകം ആസ്ഥാനമാക്കി ഒരു മലയാള സർവ്വകലാശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. എം.എ. വാഹീദ് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) കൈത്തറി വ്യവസായ രംഗം അഭിമുഖീകരിക്കുന്നതായി പറയപ്പെടുന്ന വിവിധ പ്രശ്നങ്ങളിലേയ്ക്ക് ശ്രീ. എൻ.അനിരുദ്ധൻ

വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

## III സബ്മിഷൻ

(1) സുനാമി ദുരന്ത പ്രദേശങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിൽ വന്നിട്ടുള്ള വീഴ്ച സംബന്ധിച്ച് ശ്രീ. ടി. എൻ. പ്രതാപൻ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

( പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻചാണ്ടിയും സംസാരിച്ചു.)

(2) വർക്കല പാപനാശത്തെ അനധികൃത കയ്യേറ്റം സംബന്ധിച്ച് ശ്രീ. വർക്കല കഹാർ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(3) തിരുവനന്തപുരം മുട്ടത്തറ സ്വീവേജ് ഫാമിന്റെ ശോചനീയാവസ്ഥ സംബന്ധിച്ച് ശ്രീ. വി. സുരേന്ദ്രൻപിള്ള ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(4) വിദ്യാഭ്യാസ മേഖലയിൽ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകർക്ക് അവാർഡുകൾ നൽകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എം. മുരളി ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) ഗ്രാമീൺ വിദ്യുത് യോജന പദ്ധതിപ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടത് സംബന്ധിച്ച് ശ്രീ. കെ.പി. മോഹനൻ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(6) വൈക്കം പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് ചരിത്രസ്മാരക മാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. കെ. അജിത് ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(7) കാസർഗോഡ് ജില്ലയിൽ ഗവൺമെന്റ് നഴ്സിംഗ് കോളേജ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.കെ.വി. കുഞ്ഞിരാമൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(8) ബൗദ്ധിക സ്വത്തവകാശനയം പ്രഖ്യാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. വി.ഡി. സതീശൻ ഉന്നയിച്ച സബ്മിഷന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(9) കാർഷിക സർവ്വകലാശാല ജീവനക്കാരും വിദ്യാർത്ഥികളും മാർച്ച് 21–ന് നടത്തുന്ന നിയമസഭാ മാർച്ച് സംബന്ധിച്ച് ശ്രീ. സി.കെ.പി. പത്മനാഭൻ ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

(10) കേരളത്തിലെ ബധിരർക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. ബാബു എം. പാലിശ്ശേരി ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(11) കണ്ണൂർ തോട്ടട ഐ.ടി.ഐ–യിലെ പ്രബീഷ് എന്ന വിദ്യാർത്ഥി റാഗ് ചെയ്യപ്പെട്ടത് സംബന്ധിച്ച് ശ്രീ. കെ. സുധാകരൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(12) ചിറ്റൂർ പുഴയുടെ മൂലത്തറ ആർ.ബി. കനാൽ വേലാന്താവളം വരെ നീട്ടേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. കെ. അച്ചുതൻ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(13) കഞ്ചിക്കോട്ടെ ഇരുമ്പുരുക്ക് ഫാക്ടറികൾ സൃഷ്ടിക്കുന്ന മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ.എം.ചന്ദ്രൻ ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(14) ലിഫ്റ്റ് ഇറിഗേഷനുകളിൽ കേടുപാടുകൾ സംഭവിച്ച പമ്പുസെറ്റുകൾ മാറ്റിസ്ഥാപിക്കേണ്ടത് സംബന്ധിച്ച് ശ്രീ. എം.എം. മോനായി ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(15) ജലനിധി കുടിനീർ പദ്ധതി ആരംഭിക്കണമെന്നാവശ്യപ്പെട്ട് ഫറോക്ക് പഞ്ചായത്ത് സമിതി നടത്തുന്ന സെക്രട്ടേറിയറ്റ് മാർച്ച് സംബന്ധിച്ച് ശ്രീ.എ.പി. അനിൽകുമാർ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി

(16) കണ്ണൂർ തിരുവേപ്പതി കോട്ടൺ മിൽ തൊഴിലാളികൾക്ക് ആനുകൂല്യം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.എം. പ്രകാശൻ മാസ്റ്റർ ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(17) കിളിമാനൂരിൽ സ്വന്തം കുടിലിൽ മകനെ അടക്കം ചെയ്യേണ്ടിവന്ന ഗോപാലന്റെ കുടുംബത്തെ സഹായിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എൻ. രാജൻ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

## IV റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(1) എട്ടാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ വാളയാർ ചെക്ക്പോസ്റ്റ് നവീകരണം സംബന്ധിച്ച റിപ്പോർട്ട്

(2) പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ ഇരുപത്തിയൊന്ന് മുതൽ മുപ്പത് വരെയുള്ള റിപ്പോർട്ടുകൾ

(3) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ രണ്ടാമത് റിപ്പോർട്ട്

(4) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സംബന്ധിച്ച സമിതിയുടെ ഒൻപത് മുതൽ പതിനാല് വരെയുള്ള റിപ്പോർട്ടുകൾ

## V ക്രമപ്രശ്നം

നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ചയ്ക്ക് മറുപടി പറയവേ സുനാമി ഫണ്ട് വിനിയോഗം സംബന്ധിച്ച് വിജയനുണ്ണി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നടപടി എന്താണെന്ന് നിയമസഭയിൽ വ്യക്തമാക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിരുന്നുവെന്നും എന്നാൽ ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണം നടത്തുമെന്ന പ്രഖ്യാപനം ദൃശ്യമാധ്യമങ്ങളിലടക്കം എല്ലാ പത്രങ്ങളിലും വന്നിരിക്കുകയാണെന്നും നിയമസഭ സമ്മേളിച്ചു കൊണ്ടിരിക്കുമ്പോൾ ഇത്തരം പ്രഖ്യാപനങ്ങൾ സഭയ്ക്ക് പുറത്ത് നടത്തുന്നുത് അവകാശലംഘനമാണെന്നും ശ്രീ.കെ.സി. വേണുഗോപാൽ ക്രമപ്രശ്നം ഉന്നയിക്കുകയും ഇതിന്റെ നോട്ടീസ് മുഖ്യമന്ത്രിക്ക് കൈമാറിയിട്ടുണ്ടെന്നും മറുപടി പിന്നീട് അറിയിക്കുന്നതാണെന്നും ബഹുമാനപ്പെട്ട സ്പീക്കർ വ്യക്തമാക്കുകയും ചെയ്തു.

## VI നിയമനിർമ്മാണകാര്യം

<u>2007–ലെ ട്രാവൻകൂർ–കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി 2007–ലെ ട്രാവൻകൂർ–കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് (ഭേദഗതി) ബില്ലും പ്രസ്തുത ബിൽ II–ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിക്കുകയും ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദീകരിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു.

ശ്രീ. വി. ശിവൻകുട്ടി പ്രമേയത്തെ പിന്താങ്ങി.

സർവ്വശ്രീ കെ.എം. മാണി, വി.ഡി. സതീശൻ എന്നീ അംഗങ്ങൾ ബില്ലിലെ വ്യവസ്ഥകളോട് വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് സംസാരിക്കുകയും സഹകരണവും കയറും ദേവസ്വവും വകുപ്പുമന്തി മറുപടി പറയുകയും ചെയ്തു.

ശ്രീ. വി.ഡി. സതീശൻ 2007–ലെ ട്രാവൻകൂർ–കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് (ഭേദഗതി) ബിൽ നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ടും ശ്രീ. കെ.സി. വേണുഗോപാൽ പ്രസ്തുത പ്രമേയത്തെ പിന്താങ്ങിക്കൊണ്ടും സംസാരിച്ചു.

ശ്രീ. വി.എസ്. സുനിൽ കുമാർ 2007–ലെ ട്രാവൻകൂർ–കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 20–4–2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി

അവതരിപ്പിച്ചുകൊണ്ടും ശ്രീ. എം.എം. മോനായി 2007–ലെ ട്രാവൻകൂർ–കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ടും സംസാരിച്ചു.

സർവ്വശ്രീ വി.എൻ.വാസവൻ, എം. മുരളി, തിരുവഞ്ചൂർ രാധാകൃഷ്ണൻ ശ്രീമതി കെ.കെ. ശൈലജ ടീച്ചർ എന്നീ അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം നിരാകരണ പ്രമേയവും ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2007–ലെ ട്രാവൻകൂർ–കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് (ഭേദഗതി) ബിൽ II –ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2007 മാർച്ച് 22–ാം തീയതി വ്യാഴാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.06 –ന് പിരിഞ്ഞു.